**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1350** **19-06-2024 - ൽ മറുപടിയ്ക്ക്**

**സാഹസിക ടൂറിസത്തിനുള്ള സാധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ എം നൗഷാദ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സാഹസിക ടൂറിസത്തിന് നിലവിലുള്ള സാധ്യതകളെക്കുറിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | നടത്തിയിട്ടുണ്ട്. കേരളത്തിലെ സാഹസിക വിനോദസഞ്ചാരത്തിന് അനുയോജ്യമായ ഭൂപ്രകൃതി കണ്ടെത്തി സാഹസിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ആവശ്യമായ പഠനങ്ങൾ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി മുഖേന നടത്തിയിട്ടുണ്ട്. |
| (ബി) | സാഹസിക ടൂറിസവുമായി ബന്ധപ്പെട്ട പദ്ധതികൾ എവിടെയെല്ലാമാണ് ആരംഭിച്ചിട്ടുള്ളതെന്നും പ്രസ്തുത പദ്ധതികളുടെ പുരോഗതിയും വിശദമാക്കാമോ; | (ബി) | ഒളിമ്പിക്സ് ഇനമായ വൈറ്റ് വാട്ടർ കയാക്കിങ് പരിശീലനത്തിനായി കോഴിക്കോട് ജില്ലയിലെ കോടഞ്ചേരിയിൽ അന്താരാഷ്ട്ര കയാക്കിങ് സെന്ററിന്റെ നിർമ്മാണം പൂർത്തിയാക്കി ആയതിന്റെ പ്രവർത്തനം ജൂലൈ മാസം മുതൽ ആരംഭിക്കും.<br><br>കോഴിക്കോട് ജില്ലയിലെ ഗോദീശ്വരത്ത് സർഫിംഗ് പരിശീലനം നടത്തുകയും, ടി പരിശീലന പരിപാടി വിജയകരമായി പൂർത്തിയാക്കിയ യുവാക്കളെ യൂത്ത് എംപവർമെന്റ് ആൻഡ് വെൽഫെയർ സൊസൈറ്റി എന്ന പേരിലുള്ള സർഫിംഗ് സ്കൂൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഇതിനു പുറമേ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി ഇടുക്കി ജില്ലയിലെ വാഗമണിൽ ഇക്കോ അഡ്വഞ്ചർ ടൂറിസം പാർക്കിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇവിടെ ഗ്ലാസ് ബ്രിഡ്ജ് നിരവധി സഞ്ചാരികളെ ആകർഷിക്കുന്നു. ആക്കുളം ടൂറിസ്റ്റ് വില്ലേജിന്റെ ഭാഗമായും സാഹസിക ടൂറിസം കേന്ദ്രം ആരംഭിച്ചു. സംസ്ഥാനത്ത് ബീച്ച് ടൂറിസത്തിന് പ്രോത്സാഹനമേകാൻ 7 ജില്ലകളിൽ ഫ്ലോട്ടിംഗ് ബ്രിഡ്ജും ആരംഭിച്ചു. ഇതോടൊപ്പം സാഹസിക ടൂറിസത്തിന്റെ വിവിധ ഫെസ്റ്റുകളും സംഘടിപ്പിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ നദികളെ പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | ഇരുവഞ്ഞിപ്പുഴ, ചാലിപ്പുഴ എന്നീ നദികളോട് ചേർന്ന് സ്ഥാപിച്ചിട്ടുള്ള കോഴിക്കോട് ജില്ലയിലെ അന്താരാഷ്ട്ര കയാക്കിങ് സെന്റർ മുഖേന കയാക്കിങ്, റാഫ്റ്റിങ്, വൈറ്റ് വാട്ടർ കയാക്കിങ് ആക്ടിവിറ്റികൾക്ക് ട്രെയിനിംഗ് നൽകാൻ സാധിക്കും.<br><br>ചാലിയാർ പുഴയിൽ നിലമ്പൂർ മുതൽ ചെറുവണ്ണൂർ വരെ എല്ലാ വർഷവും ചാലിയാർ "റിവർ പാഡിൽ" എന്ന കയാക്കിങ് ചാമ്പ്യൻഷിപ്പും "ചാലിയാർ ക്ലീനിങ്" എന്ന പരിപാടിയും കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി മുഖേന സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ